Statement

Uncorrected/Not for publication
22-01-2026
1

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലെ അവസാന ദിവസങ്ങളിലെ സഭാനടപടികൾ ഞങ്ങൾ സ്തംഭിപ്പിക്കുകയുണ്ടായി. ശബരിമല സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ രാജിവയ്ക്കണമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റിനെ പുറത്താക്കണമെന്നുമാണ് ഞങ്ങൾ മുന്നോട്ടുവച്ച ആശയം. ഇന്നും ഞങ്ങൾ അതേ ആവശ്യത്തിൽ ഉറച്ചുനിൽക്കുകയാണ്. കാരണം 2024-25 കാലഘട്ടത്തിലെ ഗുരുതരമായ ക്രമക്കേടുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി കണ്ടെത്തിയ സാഹചര്യത്തിൽ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും SIT-യുടെമേൽ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നുള്ള സമ്മർദം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ സമരത്തിലാണെന്ന വിവരം അങ്ങയെ അറിയിക്കുന്നു. സഭാനടപടികളുമായി സഹകരിക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. വളരെ ഗുരുതരമായ ഈ വിഷയത്തിൽ ഞങ്ങൾ സമരത്തിലാണെന്ന് അങ്ങയെ അറിയിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ

ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, റൂൾ 50 പ്രകാരം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുകയെന്നത് പ്രതിപക്ഷത്തിന്റെ അവകാശമാണ്. ആ അവകാശം വിനിയോഗിക്കാൻ ഭയപ്പെട്ട് പ്രതിപക്ഷം പാർലമെന്റേതരമായ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ചരിത്രത്തിൽ അത്യപൂർവമായി മാത്രമേ ഒരു പ്രതിപക്ഷം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കാനുള്ള അവകാശം വിനിയോഗിക്കാതിരുന്നിട്ടുള്ളൂ. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ് കൊണ്ടുവരാനുള്ള ധൈര്യം ഈ പ്രതിപക്ഷത്തിനില്ല. അങ്ങനെ കൊണ്ടുവന്നാൽ ചർച്ച ചെയ്യുമെന്ന ഭയമാണിവർക്ക്. ആ ചർച്ച ഒഴിവാക്കാൻ വേണ്ടിയാണ് വെല്ലിലേയ്ക്ക് ഇറങ്ങിയിരിക്കുന്നത്. (....ബഹളം.....) പ്ലക്കാർഡുമായി ഈ നാടകത്തിനിറങ്ങിയിരിക്കുന്നത്. ഇത് ഈ നാട് മുഴുവൻ കാണും. ആത്മവിശ്വാസവും ധൈര്യവുമുണ്ടെങ്കിൽ റൂൾ 50 പ്രകാരമുള്ള

ചർച്ചയ്ക്ക് തയ്യാറാകുകയല്ലേ ചെയ്യേണ്ടത്? ചർച്ച നടത്തിയപ്പോഴെല്ലാം പ്രതിപക്ഷത്തിന് ഒളിച്ചോടേണ്ടി വന്നിട്ടുണ്ട്, ഈ സഭയിൽനിന്ന് ഇറങ്ങി ഓടേണ്ടി വന്നിട്ടുണ്ടെന്നതാണ് അനുഭവം. (.....ബഹളം....)

മി. സ്പീക്കർ: യെസ്.. പ്ലീസ്.. പ്ലീസ്.. ഓർഡർ ... ഓർഡർ...

ശ്രീ. എം. ബി. രാജേഷ്: സർ, ഭീരുത്വത്തിന്റെ ലജ്ജയില്ലാത്ത പ്രദർശനമാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. (....ബഹളം....) തിണ്ണമിടുക്കാണ് പ്രതിപക്ഷം സഭയിൽ കാണിച്ചുകൊണ്ടിരിക്കുന്നത്. (....ബഹളം.....) സഭ നൽകുന്ന അവകാശത്തെ വിനിയോഗിക്കാൻ ധൈര്യമില്ലാത്ത ഈ പ്രതിപക്ഷത്തെ ജനങ്ങൾ വിലയിരുത്തും. (....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്... ഇത് ശരിയല്ല, പ്രതിഷേധിച്ചോളൂ, ബാനർ താഴ്ത്തൂ...പ്ലീസ്.. പ്ലീസ്...(ബഹളം)

(പ്രതിപക്ഷ ബഹളത്തിനെതിരെ ഭരണപക്ഷ എം.എൽ.എ.-മാർ ബഹുമാനപ്പെട്ട ചീഫ് വിപ്പിന്റെ സീറ്റിനരികിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)